**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4507** **01-07-2024 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി ഉപകരണങ്ങളുടെ വിതരണം സുതാര്യമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | മലബാർ മേഖലയിലെ വിവിധ ജില്ലകളിൽ വൈദ്യുത ഉപകരണങ്ങൾ , പോസ്റ്റുകൾ, സ്മാർട്ട് മീറ്ററുകൾ, ട്രാൻസ്ഫോർമറുകൾ, എ.ബി.സി കേബിൾ എന്നിവക്ക് കടുത്ത ക്ഷാമം ഉണ്ടാകുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | മലബാർ മേഖലയിലെ വിവിധ ജില്ലകളിൽ ട്രാൻസ്ഫോർമറുകൾ, എബിസി കേബിളുകൾ എന്നിവയ്ക്ക് ക്ഷാമം ഉണ്ടാകുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>മലബാർ മേഖലയിൽ സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിന്റെ ആദ്യ ഘട്ടം ആരംഭിക്കുന്നതെയുള്ളൂ. അതിനാൽ സ്മാർട്ട് മീറ്ററിന് ക്ഷാമം ഉണ്ട് എന്നത് വസ്തുതാപരമല്ല. |
| (ബി) | എങ്കിൽ ഓരോ ജില്ലയിലെയും ഉണഭോക്താക്കളുടെ എണ്ണത്തിനനുസരിച്ച് മെറ്റീരിയലുകൾ വിതരണം ചെയ്യുന്നതിന് സുതാര്യമായ നടപടി സ്വീകരിക്കുമോ? | (ബി) | ഓരോ ജില്ലയിലും ഉപഭോക്താക്കളുടെ എണ്ണത്തിന് അനുസരിച്ച് മാത്രം മെറ്റീരിയൽസ് നൽകുന്ന രീതി നിലവിൽ കെ.എസ്.ഇ.ബി.എൽ-ൽ ഇല്ല.<br><br>ഓരോ ജില്ലയിലും ഓരോ സാമ്പത്തിക വർഷവും ഉപഭോക്താക്കളുടെ എണ്ണം ഉൾപ്പെടെയുള്ള ഘടകങ്ങൾ പരിഗണിച്ച് നിശ്ചയിക്കപ്പെടുന്ന പ്രവൃത്തികൾക്ക് കെ.എസ്.ഇ.ബി.എൽ ഭരണാനുമതി നൽകി അതിനാവശ്യമായ പ്രധാന സാധന സാമഗ്രികൾ ഏകീകൃത പർച്ചേസ് സംവിധാനം വഴി വാങ്ങി നൽകുന്നതാണ് പതിവ്. എന്നിരുന്നാലും പ്രവൃത്തിയുടെ പ്രാധാന്യവും മുൻഗണന ക്രമവും നോക്കി അത്യാവശ്യ പ്രവൃത്തികൾക്ക് ഉടനടി സാധന സാമഗ്രികൾ നൽകി ജോലികൾ പൂർത്തിയാക്കി വരികയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ